**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *289** **13.03. 2017 ൽ മറുപടിയ്ക്ക്**

**'മേഡ് ഇൻ കേരള' ബ്രാന്റ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ഡി. പ്രസേനൻ<br>ശ്രീ.കെ. സുരേഷ് കുറുപ്പ്<br>ശ്രീ. ഒ.ആർ.കേളു<br>ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ | ശ്രീ. വി.എസ്.സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് സുഗന്ധവ്യഞ്ജനങ്ങളും നാളികേരവുമുൾപ്പെടെ എല്ലാ കാർഷിക ഉൽപ്പന്നങ്ങൾക്കുമായി 'മേഡ് ഇൻ കേരള' എന്ന ബ്രാന്റ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) സർക്കാരിന്റെ പരിഗണയിലാണ്. എന്നാൽ സംസ്ഥാന കൃഷി വകുപ്പിന്റെ സ്വന്തം ബ്രാൻഡായി കേരള ഓർഗാനിക് എന്ന പേരിൽ ഓർഗാനിക് പച്ചക്കറിയുടെ വിപണനം ഈ വർഷം വിഷുവിന് ആരംഭിക്കുന്നതാണ്. |
| ബി) കാർഷികോൽപ്പന്നങ്ങളുടെ സംസ്കരണത്തിനും മൂല്യവർദ്ധനവിനുമായി അന്തർദേശീയ നിലവാരത്തിലുള്ള സാങ്കേതിക വിദ്യകൾ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി) കാർഷികോല്പന്നങ്ങളുടെ സംസ്കരണത്തിനും മൂല്യ വർദ്ധനവിനുമായി അഗ്രോ പാർക്കുകൾ സ്ഥാപിക്കുവാനുദ്ദേശിച്ചിട്ടുണ്ട്. കർഷകർക്കും ചെറുകിട ഇടത്തരം കൃഷി സംരഭകർക്കും അന്താരാഷ്ട്ര ഗുണ നിലവാരത്തിൽ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് സഹായകരമായ യന്ത്രസാമഗ്രികളും, സജ്ജീകരണങ്ങളും സാങ്കേതിക വിദ്യയും ഒരുക്കി കൊടുക്കുന്നതിന് മുന്നോടിയായിട്ട് സംസ്ഥാന കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2016 ഡിസമ്പർ |

| | | | |
|---|---|---|---|
| | | | മാസത്തിൽ 'വൈഗ 2016' എന്ന പേരിൽ അന്താരാഷ്ട്ര ശിൽപ ശാല നടത്തിയിരുന്നു.. |
| സി) | പ്രസ്തുത സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ ആധുനിക യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി പ്രത്യേക ഫണ്ട് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ | സി) | പ്രത്യേക സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായി സംസ്ഥാനത്തെ വിവിധ ജില്ലകളിലായി സ്ഥാപിക്കാനുദ്ദേശിക്കുന്ന അഗ്രോ പാർക്കുകൾ കിഫ്ബിയുടെ ധനസഹായത്തോടെ ആണ് നടപ്പിലാക്കുവാനുദ്ദേശിക്കുന്നത്. |
| ഡി) | ഇത്തരം യൂണിറ്റുകളുടെ ക്ലസ്റ്ററുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി അഗ്രോ പാർക്കുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | ഡി) | സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലായി 15 അഗ്രോ പാർക്കുകൾ കിഫ്ബിയുടെ ധനസഹായത്തോടെ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| ഇ) | കേരളത്തിന്റെ തനതും പരമ്പരാഗതവും തദ്ദേശീയവുമായ കാർഷിക വിഭവങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണനം സുഗമമാക്കുന്നതിനായി കേരള അഗ്രി ബിസിനസ്സ് കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | ഇ) | 2017-18 വർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകർക്ക് കൂടി പ്രാമുഖ്യമുള്ള കേരള അഗ്രി ബിസിനസ്സ് കമ്പനി രൂപീകരിക്കുന്നതിനും ഇന്ത്യൻ കമ്പനീസ് ആക്ടിനു കീഴിൽ രജിസ്റ്റർ ചെയ്ത് കാർഷിക സംസ്കരണ മേഖലയെ പുനരുദ്ധരിക്കുന്നതിനും, കർഷകരെ വിപണിയുമായി ബന്ധിപ്പിച്ച് മൂല്യ വർദ്ധനവിനെ പ്രോത്സാഹിപ്പിക്കുന്നതിനും ആഭ്യന്തരവും, അന്താരാഷ്ട്ര വിപണനവും |

സാധ്യമാക്കുന്നതിനുള്ള അഗ്രോ പാർക്ക് സ്ഥാപിക്കുന്നതിനും, അഗ്രോ ബസാർ പച്ചക്കറികളും പഴങ്ങളും, സംസ്കരിക്കുന്നതിനുള്ള വ്യവസായങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ കേരളാ അഗ്രി ബിസിനസ്സ് കമ്പനി മുഖേന നടപ്പിലാക്കുന്നതിനും ഉദ്ദേശിച്ചിട്ടുണ്ട്.

S. [signature]

സെക്ഷൻ ഓഫീസർ